ഉത്തരം

(എ) ധനകാര്യവകുപ്പിൽ ലിഫ്റ്റ് ഓപ്പറേറ്റർ തസ്തിക നിലവിലില്ല. കോഴിക്കോട് ജില്ലയിൽ സെയിൽസ് ടാക്സ് വകുപ്പിനുകീഴിലും ധനകാര്യവകുപ്പിനുകീഴിലുള്ള മറ്റ് ഓഫീസുകളിലും ലിഫ്റ്റ് ഓപ്പറേറ്റർ തസ്തിക നിലവിലില്ല.

(ബി) ബാധകമല്ല.

(സി) ധനകാര്യവകുപ്പിൽ പുതുതായി പണികഴിപ്പിച്ചിട്ടുള്ള ലിഫ്റ്റുകൾ ഇല്ല.

ലിഫ്റ്റ് ഓപ്പറേറ്റർമാരുടെ വേക്കൻസികൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി

105 (2583) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ സെയിൽടാക്സ് ഡിപ്പാർട്ട്മെന്റിൽ ലിഫ്റ്റ് ഓപ്പറേറ്ററുടെ മൂന്നിൽപ്പരം ഒഴിവുകളുണ്ടായിട്ടും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ ;

(ബി) ഈ വേക്കൻസികൾ അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ;

(സി) ലിഫ്റ്റ് ഓപ്പറേറ്റേഴ്സിന്റെ റാങ്ക് ലിസ്റ്റ് നിലനിൽക്കുമ്പോൾ ഡെയ്ലി വേജസ്സുകാരെ നിയമിച്ചിരിക്കുന്നത് ചട്ടപ്രകാരമാണോ ;

(ഡി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ ഇനി എന്തൊക്കെ നടപടികൾ പൂർത്തീകരിക്കണമെന്ന് വിശദമാക്കാമോ ;

ഉത്തരം

(എ&ബി) കോഴിക്കോട് ജില്ലയിൽ വാണിജ്യ നികുതി വകുപ്പിൽ ലിഫ്റ്റ് ഓപ്പറേറ്റർ തസ്തിക നിലവിലില്ല.

(സി) തസ്തിക നിലവിലില്ലാത്തതിനാലാണ് ഡെയ്ലി വേജസുകാരെ നിയമിച്ചിരിക്കുന്നത്.

(ഡി) വാണിജ്യ നികുതി വകുപ്പിന് ബാധകമല്ല.

സെസ്, ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ

106 (2584) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിലുള്ള സെസ്, ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ജീവനക്കാർക്ക് പെൻഷൻ നിലവിലുണ്ടോ ;

(സി) ഇല്ലെങ്കിൽ പെൻഷൻ ആനുകൂല്യം നൽകാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിലുള്ള സെസ്, ഹോർട്ടസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയ സ്ഥാപനങ്ങളിൽ കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ സർവ്വീസ് ചട്ടങ്ങളാണ് പാലിക്കപ്പെടുന്നത്. പ്രസ്തുത സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് കേരള സംസ്ഥാന ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളും സയന്റിഫിക് ജീവനക്കാർക്ക് സി.എസ്.ഐ.ആർ സേവന വേതന വ്യവസ്ഥകളുമാണ് ബാധകമാകുന്നത്.

(ബി) ഇ.പി.എഫ്. പെൻഷൻ പദ്ധതി നിലവിലുണ്ട്.

(സി) ചോദ്യമുദിക്കുന്നില്ല.

ദേശീയ സമ്പാദ്യ പദ്ധതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

107 (2585) പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ സമ്പാദ്യ പദ്ധതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) സംഭരണലക്ഷ്യം കൈവരിക്കാൻ കഴിയാതെ വരുന്നതിനുള്ള കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാരുടെ ക്ഷേമത്തിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ;

(ഡി) ഇവർക്കായി നടപ്പാക്കിയിരുന്ന പെൻഷൻ പദ്ധതി ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ഇ) ഇതുമൂലം സർക്കാരിനുണ്ടാകുന്ന ബാദ്ധ്യത എത്രയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ദേശീയ സമ്പാദ്യ പദ്ധതി നിക്ഷേപത്തിന് നൽകുന്ന പലിശ നിരക്ക് ഉയർത്തണമെന്ന ആവശ്യം സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയുണ്ടായിട്ടുണ്ട്. സംസ്ഥാനത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly